ശ്രീ. എം. നാരായണക്കുറുപ്പ് : നമ്മുടെ സ്റ്റേറ്റിൽ ഈ സഹകാര്യ പ്രസ്ഥാനങ്ങളുടെ കീഴിൽ ചില ചെറിയ ജലസേചനപദ്ധതികളും ഉണ്ട്. അവർ മറ്റു കൃഷിക്കാരിൽനിന്നും ന്യായമായി ചാർജ്ജ് ഈടാക്കുന്നു എന്നുള്ളതായി ഗവണ്മെന്റിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ. അതെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ ആലോചിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഒരു പ്രത്യേക ചോദ്യമാണെങ്കിൽ ചോദിച്ചാൽ വളരെ വിശദമായിട്ട് മറുപടി പറയാം. അതേപ്പറ്റി അനുകൂലമായ അഭിപ്രായമാണ് ഡിപ്പാർട്ടുമെന്റിനും ഗവണ്മെന്റിനും ഉള്ളത്.

കാർഷികോൽപ്പാദനം.

* 546. [9] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യത്തെ മൂന്നു വർഷത്തിൽ ഓരോ കൊല്ലവും കാർഷികോല്പാദനം എത്ര ശതമാനം കണ്ടു വർദ്ധിപ്പിക്കാനായിരുന്നു ഗവണ്മെന്റിന്റെ ലക്ഷ്യം ; ഓരോ കൊല്ലത്തിലേയും വർദ്ധനവു എത്ര ശതമാനമായിരുന്നു ;

(ബി) മൂന്നാം പദ്ധതിയുടെ ആദ്യത്തെ മൂന്നു വർഷത്തിൽ ഓരോ വർഷവും കാർഷികോല്പാദനത്തിനു നീക്കിവച്ച തുകയും ചെലവായ തുകയും എത്ര ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ, ബി) ഓരോ കൊല്ലത്തിലേക്കും മൊത്തം കാർഷികോല്പാദനം എത്രകണ്ടു വർദ്ധിപ്പിക്കണമെന്നു കേരളത്തിനുമാത്രമായി നിശ്ചയിച്ചിട്ടില്ല. പ്രധാനവിളവുകളുടെ കൂടുതലായുള്ള ഉല്പാദനത്തിനു പദ്ധതിക്കാലത്തേക്കു ലക്ഷ്യങ്ങളും നിശ്ചയിച്ചിട്ടുണ്ട്. കാർഷികോല്പാദനത്തിന്റെ ലക്ഷ്യവും ലക്ഷ്യപ്രാപ്തിയും, കാർഷികോല്പാദനത്തിനു വേണ്ടി നീക്കിവച്ച തുകയും ചെലവായ തുകയും കാണിക്കുന്ന വിവരങ്ങളും താഴെ കൊടുക്കുന്നു.

കാർഷികോല്പാദനത്തിന്റെ ലക്ഷ്യവും ലക്ഷ്യപ്രാപ്തിയും കുറിക്കുന്ന പട്ടിക.

വർഷം	വിളവ്	ലക്ഷ്യം	ലക്ഷ്യപ്രാപ്തി
	അരി ലക്ഷം ടൺ	അരി ലക്ഷം ടൺ	അരി ലക്ഷം ടൺ
1960-61	10.51		
1961-62		10.90	9.88
1962-63		11.55	10.76
1963-64		12.30	വിവരങ്ങൾ ലഭിച്ചിട്ടില്ല.

ഇതൊരു വലിയ ലിസ്റ്റാണ്, ഇനി കരിമ്പ്, തെങ്ങ്, അടയ്ക്ക, കശുവണ്ടി, കുരുമുളക് ഇതേസംബന്ധിച്ചുള്ള വിവരങ്ങളും ഉണ്ട്. അതു മേശപ്പുറത്തു വയ്ക്കാം †

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികോല്പാദനത്തിനു നീക്കിവച്ച തുകയും ചെലവഴിച്ച തുകയും കാണിക്കുന്ന പട്ടിക.

വർഷം	നീക്കിവച്ച തുക ലക്ഷം	ചെലവായ തുക ലക്ഷം
1961-62	119.64	72.07
1962-63	173.40	135.35
1963-64	141.74 നോട്ട്	ഫൈനലൈസ് ഡ്

ശ്രീ. എം. നാരായണക്കുറുപ്പ് : ഉല്പാദനലക്ഷ്യം എത്തീട്ടില്ലാ എന്നു പറഞ്ഞു. എന്നാൽ അതിലേക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ മുന്നിലൊന്നുപോലും ചെലവാക്കാൻ സിധിച്ചിട്ടില്ലാ. ഇക്കൊല്ലം ഡിസംബർ 31–ാം തീയതിവരെയുള്ള കണക്കുകൾ ഞങ്ങൾക്കു കിട്ടിയതിൽ വളരെ മോശമായിട്ടുള്ള രീതിയിലാണ് ഇതിനു വേണ്ടി പണം ചെലവാക്കിയിട്ടുള്ളതു് എന്നു കാണുന്നു. എന്താണു് ഈ പണം ചെലവാക്കാതെയിരിക്കാൻ കാരണം ?

ശ്രീ. ഈ. പി. പൗലോസ് : ഈക്കൊല്ലം ഏകദേശം 90 ശതമാനത്തിലധികം ചെലവാകും. അതായതു്, ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിക്കാലത്തു പി. ഡബ്ലയു. ഡിപ്പാർട്ടുമെൻറുകാർ ഈ കെട്ടിടങ്ങളുടെ പണിക്കുവേണ്ടി പണം ചെലവുചെയ്യുന്നുണ്ടായിരുന്നു. ബഡ്ജറ്റിൽ 103 ക്യാപ്പിറ്റൽ എക്സ്പെൻറിച്ചർ എന്നുള്ള ഹെഡ്ഡിലാണു് മൊത്തത്തിൽ ഇതിനുവേണ്ടി ചെലവു ചെയ്യാനുള്ള തുക കൊള്ളിച്ചിരുന്നതു്. അങ്ങനെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറുകാർ മൊത്തത്തിൽ കെട്ടിടങ്ങൾക്കുവേണ്ടിയും മറ്റും ചെലവു ചെയ്യുമ്പോൾ കാർഷിക പദ്ധതികൾക്കുവേണ്ടി പണം ചെലവാക്കാൻ കഴിഞ്ഞില്ല. അപ്പോൾ ഈ വിഭാഗത്തിനുവേണ്ടി ചെലവാക്കേണ്ട തുക തീർന്നുമില്ല. എന്നാൽ ഇപ്പോൾ പി. ഡബ്ലിയു. ഡി.ക്കു് വേണ്ടി കാർഷിക പരിപാടിയിലെ അലോട്ടുമെൻറു് ചിലവുചെയ്യാതിരിക്കാൻ കർശനമായ നിർദ്ദേശം കൊടുക്കുകയും പി. ഡബ്ലിയു. ഡി. ആ പണികൾക്കു പ്രത്യേകം ചെലവാക്കുകയുമാണു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ രാജ്യത്തെ മരച്ചീനികൃഷിക്കാർക്കു അവരുടെ മരച്ചീനിക്കു വേലക്കൂലിയും മറ്റു ഉല്പാദനച്ചെലവും കിട്ടാൻ സാധിക്കാതെ ഇരിക്കുന്നതുകൊണ്ടു് അടുത്തകൊല്ലം മരച്ചീനികൃഷി അവിടെ അഭിവൃദ്ധിപ്പെടാൻ ന്യായം കാണുന്നില്ല. അതുകൊണ്ടു ഈ ഗവണ്മെൻറും സെൻട്രൽ ഗവണ്മെൻറും പുറത്തു ജർമ്മനിയുമായിട്ടുണ്ടാക്കിയ ഇടപാടനുസരിച്ചു മരച്ചീനി പുറത്തേക്കു അയയ്ക്കാത്തതുകൊണ്ടു ഇപ്പോൾ വലിയ കുഴപ്പം വന്നിട്ടുണ്ടു്. അതുകൊണ്ടു് നമ്മുടെ കപ്പ കൃഷി വർദ്ധിപ്പിക്കാൻ ഉടനെ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇല്ലെങ്കിൽ അടുത്തകാലത്തു മരച്ചീനി കൃഷി വളരെ കുറഞ്ഞുപോകാൻ സാദ്ധ്യതയുണ്ടു്.

ശ്രീ. ഈ. പി. പൗലോസ് : അതുസംബന്ധിച്ചു ഇതിനുമുമ്പും, ഈ സഭയിൽ പരാമർശിച്ചിട്ടുണ്ടു്. അതിന്റെ കാര്യത്തെ സംബന്ധിച്ചു അടിയന്തിരമായി കാമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് മന്ത്രിക്കു ചില ലറേഴ്സ് അയച്ചിട്ടുണ്ടു്. വളരെവേഗം ഇക്കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധ പതിപ്പിച്ചു ടാപ്പിയോക്കാ മാക്കറിംഗ് എക്സ്പാൻഷൻ ബോർഡു് ഇതിനാവശ്യമായ നടപടിയെടുക്കണം എന്നു ആവശ്യപ്പെട്ടിട്ടുണ്ടു് അതു റൂൾ 61 അനുസരിച്ചു് ചർച്ചയ്ക്കു വരുന്നതുണ്ടല്ലോ.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ചിറ്റൂർ, ആലത്തൂർ, പാലക്കാടു് ഈ സ്ഥലങ്ങളിൽ അവിടത്തെ നെൽകൃഷിക്കു പറ്റിയ വിത്തുകൾ കിട്ടുന്നില്ലാ എന്നും, അവിടെ പ്രത്യേകതരം ചില സീഡ്സാണു് ഉപയോഗിക്കുന്നതെന്നും, ഗവണ്മെൻറിനു നിവേദനം കിട്ടീട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : തവിടെ ആവശ്യത്തിനു വേണ്ടത്ര വിത്തു കിട്ടുന്നില്ലാ എന്നും, കൂടാ ബുദ്ധിമുട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെയുള്ള വെറൈറ്റീസ് മാറ്റിമറിച്ചു ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു കോയമ്പത്തൂർനിന്നും ആണ് വാങ്ങുന്നത്, അവർ അതു സപ്ലൈ ചെയ്യാമെന്നു സമ്മതിച്ചിട്ടുണ്ട് എന്നാണ് അവസാനമായി മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. എൻ. ഈ. ബലറാം : ആദ്യത്തെ ഒന്നരണ്ടു വർഷത്തിൽ ഉള്ള കണക്കുകൾ മന്ത്രി വായിച്ചു. മൂന്നാമത്തെ വർഷത്തെ റിപ്പോർട്ട് കിട്ടീട്ടില്ലാ എന്നു പറഞ്ഞു. അങ്ങനെ ലക്ഷ്യപ്രാപ്തി വരാതിരിക്കാൻ കാരണമെന്താണ് ?

ശ്രീ. ഈ. പി. പൗലോസ് : ഇതിൽ ഏകദേശം ഒരു ഇരുപത്തിഅഞ്ചോ മുപ്പതോ ശതമാനം പി. ഡബ്ലിയു. ഡി. ക്കു ചില കെട്ടിടങ്ങളും മറ്റും പണിയുന്നതിനായിട്ടാണ് വച്ചിട്ടുള്ളത്. അതുകൊണ്ട് പി. ഡബ്ലിയു. ഡി. യുടെ ജനറൽ ബഡ്ജറിൽ ആണ് ഒന്നിച്ചുകൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് ആ പണം ഒന്നിച്ചു ചെലവായി. ആഗ്രിക്കൾച്ചർ വർക്ക്സിനുവേണ്ടിമാത്രം ചെലവാക്കിയതല്ല. എന്നാൽ ഇപ്പോൾ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിന്റെ ചെലവിനു പ്രത്യേകം വകയിരുത്തുകയും അതു ആ പ്രവർത്തനങ്ങൾക്കുമാത്രമേ ചെലവാക്കാൻ പാടുള്ളു എന്നും ആഗ്രികൾച്ചറിനുവേണ്ടി നീക്കിവച്ചിട്ടുള്ളതു അതിനുവേണ്ടി ചെലവാക്കണമെന്നുമാണ് ഗ്രാന്റിംഗ് വകുപ്പും, ഈ സംസ്ഥാന ഗവണ്മെൻറും നിർദ്ദേശം കൊടുത്തിട്ടുള്ളതു. ഇപ്പോൾ അങ്ങനെ ആഗ്രിക്കൾച്ചറിനു ആവശ്യമുള്ള പണികളാണ് ചെയ്യുവാൻപോകുന്നതു. ഈക്കാല്ലം മുഴുവൻ പണം ചെലവാകുകയും ചെയ്യും.

ശ്രീ. ഈ. പി. ഗോപാലൻ : ഇറിഗേറ്റഡ് ഏരിയായിലേക്ക് പ്രത്യേകം ആവശ്യമായിട്ടുള്ള നല്ല വിത്തുകൾ ഓരോ സ്ഥലത്തെ മണ്ണിന്റെ ഗുണം അനുസരിച്ചു പുതുതായി കണ്ടുപിടിക്കുന്നതിനു, ഇപ്പോൾ പാലക്കാട്ടു കേരോഗം ഇറിഗേറ്റഡ് ഏരിയായായിട്ടുള്ള സ്ഥലത്തു തന്നെ ഒരു റിസർച്ചു സ്റ്റേഷൻ സ്ഥാപിച്ചു പ്രവർത്തനം നടത്തുവാൻ ശ്രമിക്കുമോ? ഇപ്പോൾ കോയമ്പത്തൂർനിന്നാണ് ആവശ്യമുള്ള വിത്തുകൾ കൊണ്ടുവരുന്നതു. അതുതന്നെ ഫലപ്രദമാണോ എന്നും സംശയമുണ്ട്. ആ ഏരിയായിലേക്കു പറ്റുന്ന വിത്തുകൾ കണ്ടുപിടിക്കാൻ പ്രത്യേകം ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇറിഗേറ്റഡ് ഏരിയായിലേക്ക് ആവശ്യമായ വിത്തു കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണം നടന്നുവരികയാണ്, ഒരു റിസർച്ചുസ്റ്റേഷൻ സ്ഥാപിക്കുന്നതുകൊണ്ട് മാത്രം ഒരുകൊല്ലം കൊണ്ട് അതു വിജയപ്രദമായി നിർവ്വഹിക്കാവുന്നതല്ല. പരീക്ഷണം നടന്നു കൊണ്ടിരിക്കുകയാണ്. കാലക്രമേണമാത്രമേ ഫലം ഉണ്ടാകുകയുള്ളു.

റീ അഫോറസ്റ്റേഷൻ

* 54. [10] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

Re-afforestation സംബന്ധിച്ചു ഈ വർഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

ഈ വർഷം റീ അഫോറസ്റ്റേഷൻ സംബന്ധിച്ചു, താഴെ വിവരിക്കുന്ന പ്ലാന്റേഷനുകൾ പുതുതായി വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(1) തേക്ക് 7000 ഏക്കർ ഈ വർഷം വച്ചുപിടിപ്പിക്കാൻ തീരുമാനിച്ചിരുന്നതിൽ, 6260 ഏക്കർ വച്ചുപിടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly